"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. അനു എം. ജെ, ഓഫീസ് അറ്റൻഡന്റിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.115/2026/WCDD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-
1. സ. ഉ(സാധാ)നം. 82/2023/WCDD, തീയതി. 13/02/2023
2. സ.ഉ(സാധാ)നം. 40/2024/WCDD, തീയതി. 25/01/2024
3. സ.ഉ(സാധാ)നം. 471/2024/WCDD, തീയതി. 27/12/2024
4. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. A3/424/2023/കേവക, തീയതി. 02/02/2026

**<u>ഉത്തരവ്</u>**

കാസർഗോഡ് റീ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിച്ചു വരവെ, ശ്രീമതി. അനു എം. ജെ യെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പരാമർശം (2), പരാമർശം (3) എന്നിവ പ്രകാരം പ്രസ്തുത അന്യത്രസേവന കാലാവധി രണ്ട് തവണ ഓരോ വർഷം വീതം ദീർഘിപ്പിച്ചു നൽകിയിരുന്നു. തന്റെ അന്യത്രസേവന കാലാവധി 19/02/2026-ന് അവസാനിക്കുന്നതിനാൽ ആയത് 20/02/2026 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി. അനു എം. ജെ സമർപ്പിച്ച അപേക്ഷ, അദ്ദേഹത്തിന്റെ മാതൃവകുപ്പിൽ നിന്നുമുള്ള നിരാക്ഷേപപത്രം സഹിതം ശിപാർശ ചെയ്തുകൊണ്ട് സർക്കാർ അനുമതിയ്ക്കായി കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച്, അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേരള

വനിതാ കമ്മീഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. അനു എം. ജെയുടെ പ്രസ്തുത തസ്തികയിലുള്ള അന്യത്രസേവന കാലാവധി **20/02/2026** മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
അസിസ്റ്റന്റ് ഡയറക്ടർ (റീസർവേ), കാസർഗോഡ് (കത്ത് നം. **ADKSGD/356/2024-A1**, തീയതി. **21/01/2026** പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. അനു എം. ജെ, ഓഫീസ് അറ്റൻഡന്റ് (**on deputation**), കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി മുഖേന)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 07-03-2026 15:24:22